**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 18/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മിഷണർ

ഗ്രാഹകൻ :

ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർമാർ.
എല്ലാ ഡിവിഷനുകളും

സർ,

വിഷയം: കോവിഡ് 19 -സുരക്ഷാ മാനദണ്ഡങ്ങൾ-കള്ള് ഷോപ്പ് ലൈസൻസികൾക്ക് മാർഗനിർദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് 19 വ്യാപനത്തിന്റെ സാധ്യതയും വേഗതയും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടേയും അതിൻറെ ഭാഗമായ 'ബ്രേക്ക് ദി ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി കള്ള് ഷോപ്പുകൾ പാലിക്കേണ്ട സുരക്ഷ ക്രമീകരണങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ താഴെ ചേർക്കുന്നു.

1)കള്ള് ഷോപ്പുകളുടെ പ്രവേശന കവാടത്തിൽ തന്നെ,കൈകൾ ശുചിയാക്കുന്നതിനായി വെള്ളം, സോപ്പ്/സാനിറ്റൈസർ എന്നിവയുള്ള കിയോസ്കുകൾ സ്ഥാപിക്കേണ്ടതാണ്. ഷാപ്പുകളിൽ വരുന്നവരോട് പ്രസ്തുത സൌകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ഷാപ്പിലെ ജീവനക്കാർ നിർദേശിക്കേണ്ടാതാണ്.

2)കള്ള് ഷോപ്പുകളിൽ ഉപയോഗിക്കുന്ന ഗ്ലാസുകൾ, പ്ലേറ്റുകൾ, ടേബിളുകൾ, കുപ്പികൾ, പാത്രങ്ങൾ, കന്നാസുകൾ, ബാരലുകൾ എന്നിവ അണുവിമുക്തമായിരിക്കണം. ഓരോ മണിക്കൂർ ഇടവേളകളിൽ അണുഗ്ലാസുകൾ, പ്ലേറ്റുകൾ, ടേബിളുകൾ, കുപ്പികൾ, പാത്രങ്ങൾ മുതലായവ സോപ്പുപയോഗിച്ച് കഴുകി അണുവിമുക്തമാക്കേണ്ടതാണ്.

3)കള്ള് ഷോപ്പുകളിൽ ഉപഭോക്താക്കൾക്ക് ഇരിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള സൗകര്യത്തിൽ അധികമായി ആൾക്കാരെ പ്രവേശിപ്പിക്കാൻ പാടില്ല.

4)കള്ള് ഷോപ്പുകളിൽ പ്രവർത്തിയെടുക്കുന്ന എല്ലാ ജീവനക്കാരും പ്രവർത്തിസമയം മുഴുവനും മാസ്കും ഗ്ലൗസുകളും ധരിക്കേണ്ടതാണ്.

5)കള്ള് ഷോപ്പുകളിൽ രോഗലക്ഷണങ്ങൾ ഉള്ള ആൾക്കാരെ കാണുന്ന പക്ഷം

അവർക്ക് അടിയന്തിരമായി കാര്യക്ഷമമായ വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6)കള്ള് ഷോപ്പുകളിലെ ജീവനക്കാർ വ്യക്തി ശുചിത്വം പാലിക്കേണ്ടതും സ്ഥാപനവും പരിസരവും അണുവിമുക്തമാക്കി സൂക്ഷിക്കേണ്ടതുമാണ്.

7)രോഗലക്ഷണമുള്ള ജീവനക്കാരെ അസുഖം ഭേദമാകും വരെ ജോലിയിൽ നിന്നും മാറ്റി നിർത്തേണ്ടതാണ്.

8)കള്ള് ചെത്ത് തൊഴിലാളികളും പാലക്കാട് ജില്ലയിൽ നിന്നും വിവിധ ഭാഗങ്ങളിലേയ്ക്ക് കള്ള് കൊണ്ടുപോകുന്ന വാഹനങ്ങളിലെ ജീവനക്കാരും മേൽ പ്രകാരം മാസ്ക്ക് ഉൾപ്പെടെയുള്ള സുരക്ഷാ മാർഗങ്ങൾ ഉപയോഗിക്കേണ്ടതാണ്.

9)'ബ്രേക്ക് ദി ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി ബന്ധപ്പെട്ട നോട്ടീസുകൾ മേൽ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും വൈറസ് വ്യാപനത്തിന്റെ സാധ്യത നിയന്ത്രിക്കുന്നതിനുള്ള ബോധവത്കരണത്തിന് ആവശ്യമായ നോട്ടീസുകൾ തയ്യാറാക്കി സ്ഥാപനത്തിൽ വരുന്നവർക്ക് നൽകേണ്ടതുമാണ്.

ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ലൈസൻസികളുടെ ഉത്തരവാദിത്തമാണെന്ന് കണക്കാക്കപ്പെടും. ഈ നിർദേശങ്ങൾ എല്ലാ ലൈസൻസികൾക്കും ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എത്തിച്ചു നൽകേണ്ടതും മേൽ നിർദേശപ്രകാരമാണ് ഡിവിഷനിലെ എല്ലാ കള്ള് ഷോപ്പുകളും പ്രവർത്തിക്കുന്നതെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ നിർദേശങ്ങൾ ലൈസൻസികൾക്ക് എത്തിച്ചതിന്റെ റിപ്പോർട്ട് 19.03.2020/10 AM മണിക്കകം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ എക്സൈസ് ആസ്ഥാനത്ത് എത്തിച്ചു തരേണ്ടതുമാണ്.

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.03.18 14:01:20 IST
Reason: Approved

വിശ്വസ്തതയോടെ
**S. AANANTHAKRISHNAN IPS**
**EXCISE COMMISSIONER**
എക്സൈസ് കമ്മീഷണർ

പകർപ്പ്:**1.**ജോയിന്റ് എക്സൈസ് കമ്മീഷണർമാർ(ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല)
**2.**അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ(എല്ലാം)
**3.**എക്സൈസ് സർക്കിൾ/റേഞ്ച് ഇൻസ്പെക്ടർ/(എല്ലാം)
**4.**ഉത്തരവ് ഫയല്/കരുതൽ ഫയൽ.